# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 728 17.7.2012-ൽ മറുപടിയ്ക്ക്

## സംയോജിത കോഴി വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.എ.എം.ആരീഫ്<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കെ.എസ്.പി.ഡി.സി യും ചേർന്ന് നടപ്പാക്കുന്ന സംയോജിത കോഴി വികസന പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

എ) സർക്കാർ വിലയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന കെപ്കോ ഗ്രാമങ്ങൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, ഗ്രാമം നിറയെ കോഴികൾ, കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് എന്നിവ സംബന്ധിച്ച് ,കോർപ്പറേഷനു വേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് എന്ന ഏജൻസിയാണ് 2011 -ൽ പഠനം നടത്തിയിട്ടുള്ളത്.

മേൽ പ്രസ്താവിച്ച ഓരോ പദ്ധതിയുടെ ലക്ഷ്യം, നടപ്പാക്കൽ തുടങ്ങിയവയെയും സംബന്ധിച്ച് പ്രാതിനിധ്യ സ്വഭാവത്തോടെയുള്ള പഠനമാണ് നടത്തിയിരിക്കുന്നത്. പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചാണ് പഠനസംഘം പദ്ധതികളെ വിലയിരുത്തിയിട്ടുള്ളത്. ഭൂരിഭാഗം ഗുണഭോക്താക്കളും കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് സംതൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതായി പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി) സംസ്ഥാനത്ത് കോഴിയുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള അന്തരം എത്രയാണ്;

ബി) സംസ്ഥാനത്ത് കോഴി മുട്ടയുടെ ആകെ ആവശ്യകത 541 കോടിയാണെന്ന് കണക്കാക്കുന്നു.
2011-2012 കാലയളവിൽ കേരളത്തിൽ 171 കോടി മുട്ട ഉൽപ്പാദിപ്പിച്ചതായി കണക്കാക്കപ്പെടുന്നു. ഇതനുസരിച്ച് കോഴിമുട്ടയുടെ അന്തരം 370 കോടിയാണ്.

സംസ്ഥാനത്ത് വർഷം ആകെ

ആയിരം ടൺ മാംസം ആവശ്യമുണ്ട്. കോഴിയിറച്ചിയുടെ മാത്രം ആവശ്യകത ലഭ്യമല്ല. 2011-12 ൽ മാംസോത്പാദനത്തിന്റെ 44% കോഴിയിറച്ചിയാണ്.2011-12 കാലയളവിൽ 183.611567 ആയിരം ടൺ കോഴിയിറച്ചി ഉൽപ്പാദിപ്പിച്ചതായി കണക്കാക്കുന്നു. ഇതനുസരിച്ച് മാംസത്തിന്റെ അന്തരം 145 ആയിരം ടണ്ണ് ആണെന്നു കണക്കാക്കുന്നു.

സി) കോഴി പൂർണ്ണമായും സംസ്ഥാനത്തു നിന്നുതന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം സർക്കാരിന് ഉണ്ടോ; എങ്കിൽ അതിന് അനുസൃതമായി രൂപം നൽകിയ പദ്ധതിയും ബഡ്ജറ്റ് വിഹിതവും സംബന്ധിച്ച് വിശദമാക്കുമോ?

സി) ഉണ്ട്.

സംസ്ഥാനത്ത് കോഴികളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് മുട്ടയുടെയും മാംസത്തിന്റെയും ലഭ്യത വർദ്ധിപ്പിക്കാനായി 2012-2013 ൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളും അവയുടെ ബഡ്ജറ്റ് വിഹിതവും ചുവടെ ചേർക്കുന്നു.

എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും എന്ന പദ്ധതി പ്രകാരം കോഴി ഫാമുകൾക്ക് 200 ലക്ഷം രൂപയും താറാവ് , കാട ഫാമുകൾക്ക് 50 ലക്ഷം രൂപയും 2403-00-102-81 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ബി) 80% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കോഴി ഫാമുകളുടെയും താറാവ് വളർത്തൽ കേന്ദ്രങ്ങളുടെയും വിപുലീകരണത്തിന് സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ 2403-00-103-86(പ്ളാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

സി) 100% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ വീട്ടു പരിസരത്തെ കോഴി വളർത്തൽ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 400 ലക്ഷം രൂപ 2403-00-103-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. (100% കേന്ദ്ര സഹായം)

ഡി) "ബാക്ക് യാർഡ് പൗൾട്രി ഡവലപ്മെന്റ് പ്രോജക്ട് " - പദ്ധതി പ്രകാരം പിന്നാമ്പുറത്തെ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈ വർഷം 1042 ലക്ഷം രൂപ 2403-00-103-84 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. 400 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിനും 642 ലക്ഷം രൂപ കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷനുമാണ് അനുവദിച്ചിട്ടുള്ളത്.

ഇ) കെപ്കോ മുഖേന പദ്ധതികൾ നടപ്പാക്കാനും മുട്ടയുടെയും കോഴിയിറച്ചിയുടെയും ഉൽപ്പാദനം

വർദ്ധിപ്പിക്കുന്നതിനും (300 ലക്ഷം രൂപയും) ഉൽപ്പാദന വർദ്ധനവിനും വിപണനത്തിനും ആവശ്യമായ മുൻ-പിൻ ബന്ധങ്ങൾ ശക്തിപ്പെടുത്താനായി 70 ലക്ഷം രൂപയും ചേർത്ത് (2403-00-190-94) എന്ന ശീർഷകത്തിൽ ആകെ 370 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

Seela

സെക്ഷൻ ഓഫീസർ